നൽകേണ്ടതുണ്ട്. അതിനാൽ സർക്കാർ ഈയിനത്തിൽ നഷ്ടം ഇതേവരെ തിട്ടപ്പെടുത്തിയിട്ടില്ല.

അറേഞ്ചർക്ക് നൽകുന്ന ഫീസ്

4 (2717) പ്രൊഫസർ എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേയ്ക്ക് പണം സമാഹരിച്ചതിന് സർക്കാർ നിയോഗിച്ച അറേഞ്ചർക്ക് ഫീസ് നൽകേണ്ടിവരുമോ ;

(ബി) എങ്കിൽ എന്ത് തുക ഫീസായി നൽകേണ്ടി വരും ;

(സി) പ്രസ്തുത ഫീസ് എപ്പോൾ നൽകണമെന്നാണ് എഗ്രിമെന്റ് വ്യവസ്ഥകളിൽ പറഞ്ഞിട്ടുള്ളത് ;

(ഡി) മഹാരാഷ്ട്രയും മറ്റ് സംസ്ഥാന സർക്കാരുകളും അറേഞ്ചറെ നിയമിച്ചത് ടെണ്ടർ വിളിച്ചതിനുശേഷമാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എന്നാൽ ഇവിടെ ടെണ്ടർ വിളിക്കാതെ അറേഞ്ചറെ നിയമിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) നൽകേണ്ടി വരും

(ബി) അന്തിമമായി കണക്കാക്കിയിട്ടില്ല.

(സി) പ്രത്യേക ഫീസ് എപ്പോൾ നൽകണമെന്ന് പറഞ്ഞിട്ടില്ല.

(ഡി) ഇല്ല.

(ഇ) സാധാരണയായി ഗവൺമെന്റ് ബിസിനസ് നടത്തുവാൻ എസ്.ബി.ഐ., എസ്.ബി.ടി. എന്നീ സ്ഥാപനങ്ങളെയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അതിനാലാണ് ടെണ്ടർ വിളിക്കാതെ അറേഞ്ചറായി ഈ സ്ഥാപനങ്ങളെ നിയമിച്ചത്.

റവന്യൂ വരുമാനത്തിൽ നിന്നുള്ള ചെലവ്

5 (2718) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം ഗവൺമെന്റ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിനുവേണ്ടി ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) പെൻഷനുവേണ്ടിയും പലിശയ്ക്കുവേണ്ടിയും വരുമാനത്തിന്റെ എത്ര ശതമാനം വീതം ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശംമ്പളത്തിനും പെൻഷനും പലിശയ്ക്കും വേണ്ടി 1999-2000 വർഷം എത്ര രൂപ വീതം ചെലവഴിക്കേണ്ടി വരുമെന്നാണ് കണക്കാക്കുന്നത് ;

(ഡി) വില്പന നികുതിയായി ഈ വർഷം എത്ര രൂപ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) കഴിഞ്ഞ വർഷത്തിൽനിന്നും എത്ര ശതമാനം വർദ്ധനവാണ് ഈ വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത് ;

(എഫ്) 1999-2000 വർഷം സംസ്ഥാനത്തിന്റെ മൊത്ത വരുമാനവും മൊത്തച്ചെലവും എത്ര വീതമാണ് പ്രതീക്ഷിക്കുന്നത് ;

(ജി) ഇത് കഴിഞ്ഞ വർഷത്തേക്കാൾ എത്ര ശതമാനം വീതം കൂടുതലാണ് എന്ന് വ്യക്തമാക്കാമോ ;

(എച്ച്) കേന്ദ്ര നികുതിയുടെ വിഹിതമായിട്ട് എത്രകോടി രൂപയാണ് പ്രതീക്ഷിക്കുന്നതെന്നും അത് കഴിഞ്ഞ വർഷത്തേക്കാൾ എത്ര കൂടുതലാണ് എന്നും വ്യക്തമാക്കാമോ ;

(ഐ) 1999-2000 വർഷം സംസ്ഥാനത്തിന്റെ നികുതി വരുമാനവും നികുതിയിതര വരുമാനവും എത്ര വീതമാണ് പ്രതിക്ഷിക്കുന്നതെന്നും കഴിഞ്ഞ വർഷത്തെക്കാൾ എത്ര ശതമാനം വീതം കൂടുതലാണ് ഇതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1998-99 ലെ കണക്ക് അനുസരിച്ച് 45.21 %

(ബി) 1998-99 കണക്കനുസരിച്ച് പെൻഷന് 16.04 ശതമാനവും പലിശയ്ക്ക് 20.09 ശതമാനവും ചെലവഴിക്കുന്നു.

(സി) ശമ്പളം - 4401.39 കോടി രൂപ

പെൻഷൻ - 1527.63 കോടി രൂപ

പലിശ - 1709 .28 കോടി രൂപ

(ഡി) 3850.00 കോടി രൂപ

(ഇ) 14.36 ശതമാനം.

(എഫ് &ജി) 1999-2000 ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം വരുമാനം 17,469.81 കോടി രൂപയും മൊത്തം ചെലവ് 17,639.16 കോടി രൂപയുമാണ്. വരുമാനത്തിലുള്ള വർദ്ധനവ് 24.52 ശതമാനവും ചെലവിലുള്ള വർദ്ധനവ് 23.08 ശതമാനവുമാണ്.

(എച്ച്) കേന്ദ്ര നികുതിയുടെ വിഹിതമായി 1867.19 കോടി രൂപയാണ് 1999-2000-ലെ പുതിക്കിയ എസ്റ്റിമേറ്റ് ആയി കാണിച്ചിരിക്കുന്നത്. അത്

LIBRARY ARCHIVES Kerala Legislative Assembly

1998-99 ലേതിനേക്കാൾ 484.89 കോടി രൂപ കൂടുതലാണ്. എന്നാൽ ഈ ഇനത്തിലുള്ള യഥാർത്ഥ വരവ് ഈ സാമ്പത്തികവർഷം കഴിഞ്ഞതിനുശേഷമേ അറിയുവാൻ കഴിയുകയുള്ളൂ.

(ഐ)	1999-2000 (രൂപ കോടിയിൽ)	മുൻ വർഷത്തേക്കാൾ എത്ര % കൂടുതൽ
1. നികുതി വരുമാനം	5472. 24	17. 69
2. നികുതിയിതര വരുമാനം	659. 95	18. 35

സംസ്ഥാനത്തുണ്ടായ സാമ്പത്തിക വളർച്ചാ നിരക്ക്

6 (2719) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 8-ാം പദ്ധതിക്കാലത്ത് നമ്മുടെ സംസ്ഥാനത്തുണ്ടായ സാമ്പത്തിക വളർച്ചാനിരക്ക് എത്രയായിരുന്നു ;

(ബി) അഖിലേന്ത്യാ ശരാശരി സാമ്പത്തിക വളർച്ച എത്ര എന്ന് വ്യക്തമാക്കുമോ ;

(സി) 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) 1999-2000 വർഷം സാമ്പത്തിക വളർച്ച എത്രയാണ് പ്രതീക്ഷിക്കുന്നത് എന്നും അഖിലേന്ത്യാ ശരാശരി വളർച്ചാ നിരക്ക് എത്രയാണ് പ്രതീക്ഷിക്കുന്നത് എന്നും വ്യക്തമാക്കുമോ ;

(ഇ) ആളോഹരി പദ്ധതി ചെലവ് 8-ാം പദ്ധതിക്കാലത്ത് എത്ര ആയിരുന്നുവെന്നും അഖിലേന്ത്യാ ശരാശരി എത്രയായിരുന്നുവെന്നും കേരളം ആളോഹരി പദ്ധതി വിഹിതത്തിൽ എത്രാമത്തെ സംസ്ഥാനമാണെന്നും വ്യക്തമാക്കാമോ ;

(എഫ്) 9-ാം പദ്ധതിക്കാലത്ത് ആളോഹരി പദ്ധതി ചെലവ് കേരളത്തിൽ എത്ര എന്നും അഖിലേന്ത്യാ ശരാശരി എത്ര എന്നും ഈ രംഗത്ത് കേരളം എത്രാമത്തെ സംസ്ഥാനമാണെന്നും വ്യക്തമാക്കുമോ ;

(ജി) 9-ാം പദ്ധതിക്കാലത്ത് സാമ്പത്തിക വളർച്ചാനിരക്ക് അഖിലേന്ത്യാ ശരാശരി എത്ര എന്നും, കേരളത്തിന്റെ വളർച്ചാനിരക്ക് എത്ര എന്നും കേരളം സാമ്പത്തിക വളർച്ചാ രംഗത്ത് എത്രാമത്തെ സംസ്ഥാനമാണെന്നും വ്യക്തമാക്കുമോ ;

(എച്ച്) 1999-2000 വർഷം പദ്ധതി ചെലവിന്റെ ലക്ഷ്യം എത്രയാണെന്നും ഇതുവരെ എത്ര ചെലവാക്കി എന്നും വ്യക്തമാക്കുമോ ;

(ഐ) പദ്ധതി ചെലവ് ഈ സാമ്പത്തിക വർഷം എത്ര ആകും എന്നാണ് പ്രതീക്ഷിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly